**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116** **30-08-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമാണ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ ആദ്യഘട്ട നിർമാണ കാലയളവ് പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും ആദ്യഘട്ട നിർമാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ കരാർ പ്രകാരം കമ്പനിയിൽ നിന്നും പ്രതിദിനം പന്ത്രണ്ട് ലക്ഷം രൂപ പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കരാർ പ്രകാരം 2019 ഡിസംബർ 3-ാം തീയതി തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. കരാർലംഘനം (Default) സംബന്ധിച്ച് 2019 ഡിസംബർ 4-ന് കരാർ കമ്പനിക്ക് നോട്ടീസ് നൽകുകയും, തുടർന്നുള്ള Cure Period - ആയ 270 ദിവസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് 2020 മാർച്ച് 3 മുതൽ തുറമുഖം പ്രവർത്തന സജ്ജമാകുന്ന തീയതിവരെ (Commercial Operation Date) കാലതാമസം നേരിടുന്ന ഓരോ ദിവസത്തിനും പെർഫോമൻസ് സെക്യൂരിറ്റി തുകയുടെ 0.1 % (പന്ത്രണ്ട് ലക്ഷം രൂപ) നഷ്ട പരിഹാരം ഈടാക്കുന്നതിനായി 2020 മാർച്ച് 2-ന് കരാർ കമ്പനിക്ക് വീണ്ടും നോട്ടീസ് നൽകി. ഈ നോട്ടീസുകളെ തുടർന്ന് കരാർ കമ്പനി കാലാവസ്ഥയും മറ്റ് 17 കാരണങ്ങളും ചൂണ്ടിക്കാട്ടി തുറമുഖ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സമയം നീട്ടി ചോദിക്കുകയുമുണ്ടായി. എന്നാൽ ഇപ്രകാരം സമയം നീട്ടി നൽകുവാനാവില്ല എന്ന സർക്കാർ നിലപാടിനെതിരായി കരാർ കമ്പനി ആർബിട്രേഷൻ ട്രിബ്യൂണലിനെ സമീപിച്ചിരിക്കുകയാണ്. 3 മുൻ സുപ്രീം കോടതി ജഡ്ജിമാർ അടങ്ങുന്നതാണ് ട്രിബ്യൂണൽ. ട്രിബ്യൂണൽ മുമ്പാകെ ഇരുവിഭാഗവും തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കി സ്റ്റേറ്റ്മെന്റുകൾ ഫയൽ ചെയ്യുകയുമുണ്ടായി. ഇതിനെ തുടർന്ന് ട്രിബ്യൂണൽ ഇപ്പോൾ ബന്ധപ്പെട്ട കക്ഷികളെ വിസ്തരിക്കുവാൻ തുടങ്ങിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏത് തീയതി മുതൽ പിഴ ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | കരാർ പ്രകാരം 2019 ഡിസംബർ 3-ാം തീയതി തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. കരാർലംഘനം |

| | | | |
|---|---|---|---|
| | | | (Default) സംബന്ധിച്ച് 2019 ഡിസംബർ 4-ന് കരാർ കമ്പനിക്ക് നോട്ടീസ് നൽകുകയും, തുടർന്നുള്ള Cure Period - ആയ 270 ദിവസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് 2020 മാർച്ച് 3 മുതൽ തുറമുഖം പ്രവർത്തന സജ്ജമാകുന്ന തീയതിവരെ (Commercial Operation Date) കാലതാമസം നേരിടുന്ന ഓരോ ദിവസത്തിനും പെർഫോമൻസ് സെക്യൂരിറ്റി തുകയുടെ 0.1 % (പന്ത്രണ്ട് ലക്ഷം രൂപ) നഷ്ട പരിഹാരം ഈടാക്കുന്നതിനായി 2020 മാർച്ച് 2-ന് കരാർ കമ്പനിക്ക് വീണ്ടും നോട്ടീസ് നൽകി. ഈ നോട്ടീസുകളെ തുടർന്ന് കരാർ കമ്പനി കാലാവസ്ഥയും മറ്റു 17 കാരണങ്ങളും ചൂണ്ടിക്കാട്ടി തുറമുഖ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സമയം നീട്ടി ചോദിക്കുകയുമുണ്ടായി. എന്നാൽ ഇപ്രകാരം സമയം നീട്ടി നൽകുവാനാവില്ല എന്ന സർക്കാർ നിലപാടിനെതിരായി കരാർ കമ്പനി ആർബിട്രേഷൻ ട്രിബ്യൂണലിനെ സമീപിച്ചിരിക്കുകയാണ്. 3 മുൻ സുപ്രീം കോടതി ജഡ്ജിമാർ അടങ്ങുന്നതാണ് ട്രിബ്യൂണൽ. ട്രിബ്യൂണൽ മുമ്പാകെ ഇരുവിഭാഗവും തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കി സ്റ്റേറ്റ്മെന്റുകൾ ഫയൽ ചെയ്യുകയുമുണ്ടായി. ഇതിനെ തുടർന്ന് ട്രിബ്യൂണൽ ഇപ്പോൾ ബന്ധപ്പെട്ട കക്ഷികളെ വിസ്തരിക്കുവാൻ തുടങ്ങിയിട്ടുണ്ട്. |
| (സി) | കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെത്തുടർന്ന് അദാനി കമ്പനിക്കെതിരെ കരാർ പ്രകാരമുള്ള നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ അവ എന്തായിരുന്നുവെന്നും വിശദമാക്കാമോ; | (സി) | കരാർ പ്രകാരം 2019 ഡിസംബർ 3-ാം തീയതി തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. കരാർലംഘനം (Default) സംബന്ധിച്ച് 2019 ഡിസംബർ 4-ന് കരാർ കമ്പനിക്ക് നോട്ടീസ് നൽകുകയും, തുടർന്നുള്ള Cure Period - ആയ 270 ദിവസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് 2020 മാർച്ച് 3 മുതൽ തുറമുഖം പ്രവർത്തന സജ്ജമാകുന്ന തീയതിവരെ (Commercial Operation Date) കാലതാമസം നേരിടുന്ന ഓരോ ദിവസത്തിനും പെർഫോമൻസ് സെക്യൂരിറ്റി തുകയുടെ 0.1 % (പന്ത്രണ്ട് ലക്ഷം രൂപ) നഷ്ട പരിഹാരം ഈടാക്കുന്നതിനായി 2020 മാർച്ച് 2-ന് കരാർ കമ്പനിക്ക് വീണ്ടും നോട്ടീസ് നൽകി. ഈ നോട്ടീസുകളെ തുടർന്ന് കരാർ കമ്പനി കാലാവസ്ഥയും മറ്റു 17 കാരണങ്ങളും ചൂണ്ടിക്കാട്ടി തുറമുഖ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സമയം നീട്ടി ചോദിക്കുകയുമുണ്ടായി. എന്നാൽ ഇപ്രകാരം സമയം നീട്ടി നൽകുവാനാവില്ല എന്ന സർക്കാർ നിലപാടിനെതിരായി കരാർ കമ്പനി ആർബിട്രേഷൻ ട്രിബ്യൂണലിനെ |

| | | | |
|---|---|---|---|
| | | | സമീപിച്ചിരിക്കുകയാണ്. 3 മുൻ സുപ്രീം കോടതി ജഡ്ജിമാർ അടങ്ങുന്നതാണ് ട്രിബ്യൂണൽ. ട്രിബ്യൂണൽ മുമ്പാകെ ഇരുവിഭാഗവും തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കി സ്റ്റേറ്റ്മെന്റുകൾ ഫയൽ ചെയ്യുകയുമുണ്ടായി. ഇതിനെ തുടർന്ന് ട്രിബ്യൂണൽ ഇപ്പോൾ ബന്ധപ്പെട്ട കക്ഷികളെ വിസ്തരിക്കുവാൻ തുടങ്ങിയിട്ടുണ്ട്. |
| (ഡി) | പ്രശ്ന പരിഹാരത്തിനുള്ള ആർബിട്രേഷൻ നടപടികളിൽ കമ്പനിയുടെയും സർക്കാരിന്റെയും നിലപാടുകൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ? | (ഡി) | ആർബിട്രേഷൻ നടപടികൾ സ്വീകരിക്കുന്നതിന് മുൻപായി, സർക്കാർ കരാർ കമ്പനിയുമായി ടി വിഷയത്തിൽ കരാർപ്രകാരം സാധ്യമായ ഒരു അനുരഞ്ജന യോഗം (Conciliation Meeting) നടത്തിയിരുന്നു. എന്നാൽ ആർബിട്രേഷൻ നടപടികളുമായി മുന്നോട്ടു പോകുവാനാണ് കരാർ കമ്പനി തയ്യാറായത്. തുടർന്ന്, ഇരുവിഭാഗവും തങ്ങളുടെ നിലപാടുകൾ ആർബിട്രേഷന് മുന്നിൽ സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ